(ബി) ഈ ലിസ്റ്റിൽനിന്നും 15 പേരെ നിയമിച്ചിട്ടുണ്ട്.

(സി) ജില്ലാ-താലൂക്ക് ലീഗൽ സർവ്വീസ് അതോറിറ്റിയിലും കമ്മിറ്റിയിലും ലീഗൽ അസിസ്റ്റന്റ് തസ്തിക ഇല്ല. ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റിയിൽ ഒരു അസിസ്റ്റന്റിന്റെ തസ്തികവീതം 14 അസിസ്റ്റന്റ് തസ്തികകളും താലൂക്ക് ലീഗൽ സർവ്വീസ് കമ്മിറ്റിയിൽ ഒരു സെക്രട്ടറിയുടെ തസ്തികവീതം 63 സെക്രട്ടറിമാരുടെ തസ്തികകളുമാണ് ജി. ഒ. (എംഎസ്.) നം. 525/എച്ച്1/2001/നിയമം തീയതി 3-11-2001 പ്രകാരം സൃഷ്ടിച്ചിട്ടുള്ളത്.

ടി തസ്തികകളിലേക്ക് നിയമവകുപ്പിലെ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-2 വിഭാഗത്തിൽനിന്നോ ജുഡീഷ്യൽ മിനിസ്റ്റീരിയൽ സർവ്വീസിലെ സമാന തസ്തികയിൽ നിന്നോ അല്ലെങ്കിൽ സർക്കാരിന്റെ മറ്റേതെങ്കിലും സബോർഡിനേറ്റ് സർവ്വീസിലെ സമാന തസ്തികകളിൽനിന്നോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമനം നടത്തേണ്ടത്.

(ഡി) ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റിയിലും താലൂക്ക് ലീഗൽ സർവ്വീസ് കമ്മിറ്റിയിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമനം നടത്തേണ്ടത്. അതിനാൽ ചോദ്യം ഉദിക്കുന്നില്ല.

റവന്യു വകുപ്പിൽ യു. ഡി. സി./എസ്. വി. ഒ. മാരുടെ സീനിയോറിറ്റി ലിസ്റ്റുകൾ

171 [2609] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യത്തിന് റവന്യുവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന റവന്യു വകുപ്പിൽ യു.ഡി.സി./എസ്.വി. ഒ. മാരുടെ സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കിയിട്ടുള്ളത് കാലാനുസൃതമായി ഉണ്ടായിട്ടുള്ള ഒഴിവുകൾ കണക്കാക്കിയതിന്റെ അടിസ്ഥാനത്തിലാണോ?

ഉത്തരം

സംസ്ഥാന റവന്യു വകുപ്പിൽ യു.ഡി.സി./എസ്.വി. ഒ. മാരുടെ സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കിയിട്ടുള്ളത് കാലാനുസൃതമായി ഉണ്ടായിട്ടുള്ള ഒഴിവുകൾ കണക്കാക്കിയിട്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly